# കേരള സർവകലാശാല

നം. പി.ആർ.101/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ & വീഡിയോ പ്രൊഡക്ഷൻ, മലയാളം & മാസ് കമ്മ്യൂണിക്കേഷൻ, കമ്മ്യൂണിക്കേറ്റീവ് അറബിക് – (റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എച്ച്.എസ്സി.സി.സി.ഡി ഹാൾടിക്കറ്റ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2016 ജൂൺ 20 മുതൽ നടത്തുന്ന രണ്ടാം വർഷ എം.എച്ച്.എസ്സി ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### ബി.എസ്സി ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328), കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), എൻവയോൺമെന്റൽ സയൻസ് & എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (216), ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് സയൻസ് (242) – (2013 സ്കീം, 2014 സ്കീം റഗുലർ ആൻഡ് ഇംപ്രൂവ്മെന്റ്, 2013–ന് മുമ്പുള്ള അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 22–ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.എ/ ബി.എസ്സി/ ബി.കോം (സി.ബി.സി.എസ്) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സർട്ടിഫിക്കറ്റ് കോഴ്സ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഏപ്രിലിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ്, പി.ജി സർട്ടിഫിക്കറ്റ് ഇൻ അഡോളസന്റ് ആൻഡ് പ്രീ–മാരിറ്റൽ കൗൺസലിംഗ് എന്നീ കോഴ്സുകളുടെ സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക് പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ. 0471–2302523.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കോഴ്സിലേക്കുള്ള അഡ്മിഷൻ ഇന്റർവ്യൂ ജൂൺ 17-ന് പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. അപേക്ഷിച്ചവർ അസ്സൽ സർട്ടിഫിക്കറ്റുകളും കോഴ്സ് ഫീസുമായി രാവിലെ 11 മണിക്ക് ഓഫീസിൽ എത്തണം. ഫോൺ. 0471-2302523.

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് കോഴ്സ് ഇന്റർവ്യൂ ജൂൺ 22-ന് പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. അപേക്ഷിച്ചവർ അസ്സൽ സർട്ടിഫിക്കറ്റുകളും കോഴ്സ് ഫീസുമായി രാവിലെ 11 മണിക്ക് ഓഫീസിൽ എത്തണം. ഫോൺ. 0471-2302523.

## ബി.എസ്.ഡബ്ല്യു വൈവ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.ഡബ്ല്യു (സി.ബി.സി.എസ്.എസ്) പരീക്ഷയെഴുതിയ നാഷണൽ കോളേജിലേയും വൈറ്റ് മെമ്മോറിയൽ കോളേജിലേയും വിദ്യാർത്ഥികൾ വൈവ പരീക്ഷയ്ക്ക് ജൂൺ 27 രാവിലെ ഒമ്പത് മണിക്ക് മണക്കാട് നാഷണൽ കോളേജിൽ എത്തിച്ചേരണം.

## ബി.എസ്സി ഇലക്ട്രോണിക്സ് ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## സൗജന്യ പരിശീലനക്ലാസ്

അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ്, വേദാന്ത പഠനകേന്ദ്രം, ഗണിത പഠനവകുപ്പ്, ജിയോളജി പഠനവകുപ്പ്, സൈക്കോളജി പഠനവകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രാണായാമവും ധ്യാനവും പരിശീലിപ്പിക്കുന്ന ഒരു സൗജന്യ പരിശീലനക്ലാസ് ജൂൺ 15 മുതൽ 20 വരെ വൈകുന്നേരം മൂന്ന് മണിമുതൽ 4.30 വരെ സ്റ്റാറ്റിസ്റ്റിക്സ് സെമിനാർ ഹാളിൽ നടത്തും. താൽപര്യമുള്ളവർ യോഗ മാറ്റ്/ഷീറ്റ് നിർബന്ധമായും കൊണ്ടുവരണം. പുറത്ത് നിന്നുള്ളവർക്കും പങ്കെടുക്കാം. ഫോൺ. 9447495134, 9895980078, 8281721358.

## സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കാര്യവട്ടം വേദാന്ത പഠനകേന്ദ്രം, ഹോളിസ്റ്റിക്സ് ഹെൽത്ത് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ജൂൺ 21-ന് 'ജീവിതചര്യ രോഗങ്ങളുടെ നിയന്ത്രണത്തിൽ യോഗയുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തുന്നു. പ്രോ-വൈസ് ചാൻസലർ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ സെമിനാർ ഉദ്ഘാടനം ചെയ്യും. പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂൺ 16-നകം 0471-2302523, 9447205669, 9446409948 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഇല്ല.

## പേറ്റന്റ് ലോ : സായാഹ്ന ഡിപ്ലോമ

കേരള സർവകലാശാല നിയമപഠനവകുപ്പ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ പേറ്റന്റ് ലോ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ടുമാസം ദൈർഘ്യമുള്ള കോഴ്സിന് 3000/- രൂപയാണ് ഫീസ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ. 0471-2308936.

## മനുഷ്യാവകാശ ഡിപ്ലോമ കോഴ്സ്

കേരള സർവകലാശാല നിയമ പഠനവകുപ്പ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ടുമാസം ദൈർഘ്യമുള്ള കോഴ്സിന് 2500/- രൂപയാണ് ഫീസ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 21. ഫോൺ. 0471-2308936.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
14.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**